കൈത്തറി വികസന ഊർജ്ജിതപദ്ധതി

* 45. [72] ശ്രീ എം. വി. രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കേന്ദ്രസഹായത്തോടെ 185 ലക്ഷം രൂപയുടെ കൈത്തറിവികസന ഉദ്ദർജ്ജിതപദ്ധതി നടപ്പിൽവരുത്തുന്നതായി പത്രങ്ങളിൽ കണ്ടത് ശരിയാണോ ;

(ബി) ഈ പദ്ധതി നടപ്പിൽവരുത്തുമ്പോൾ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന കണ്ണൂർ ജില്ലയെ ഉൾപ്പെടുത്തുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ശരിയാണ്.

(ബി) കാര്യം പരിശോധിക്കുന്നതാണ്.

വൈദ്യുതി ലഭിക്കാത്ത പഞ്ചായത്തുകൾ

* 46. [73] ശ്രീ. ടി. കെ. ചന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി ലഭിക്കാത്ത വല്ല പഞ്ചായത്തുകളുമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ; ഇനിയും വൈദ്യുതി ലഭിക്കാതിരിക്കുന്നതിന് കാരണമെന്ത് ;

(സി) മുഴുവൻ പഞ്ചായത്തുകൾക്കും വിദ്യുച്ഛക്തി ലഭിക്കുന്നതിന് ഇനിയും എത്രകാലം പിടിക്കുമെന്ന് വല്ല സമയനിർണ്ണയവുമുണ്ടോ ?

വിദ്യുച്ഛക്തി മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ) :

(എ) പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ സൂക്ഷിക്കാറില്ല. വില്ലേജടിസ്ഥാനത്തിലുള്ള വിവരങ്ങൾ മാത്രമേ സൂക്ഷിക്കാറുള്ളൂ.

(ബി) 1971-ലെ കാനേഷുമാരി കണക്കനുസരിച്ച് 30-11-1976-ൽ 61 വില്ലേജുകൾ വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്. ഇവയിൽ മിക്കതും റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ വൈദ്യുതീകരണ സ്കീമിൽ ഉൾപ്പെട്ടതായതുകൊണ്ട് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷന്റെ ലോൺ ലഭിക്കുന്നമുറയ്ക്കു മാത്രമേ ചെയ്തു തീർക്കുവാൻ പറ്റുകയുള്ളൂ.

(സി) ഈ വില്ലേജുകളും അഞ്ചാം പദ്ധതിയുടെ അവസാനത്തോടുകൂടി വൈദ്യുതീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ലോക്കൗട്ടുമൂലവും പണിമുടക്കുമൂലവും നഷ്ടപ്പെട്ട പ്രവൃത്തിദിവസങ്ങൾ

* 47 [74] ശ്രീ വി. കെ. ഗോപിനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിയന്തിരാവസ്ഥ നിലവിൽവന്നതിനുശേഷം ലോക്കൗട്ടുകൾ കേരളത്തിൽ എത്ര പ്രവൃത്തിദിവസങ്ങൾ (Mandays) നഷ്ടപ്പെട്ടിട്ടുണ്ട് ;

(ബി) പണിമുടക്കുനിമിത്തം എത്ര പ്രവൃത്തിദിവസങ്ങൾ നഷ്ട
പ്പെടിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly